പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2618 06/02/2018-ൽ മറുപടിയ്ക്ക്

## വനബന്ധു കല്ല്യാൺയോജന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സണ്ണി ജോസഫ്<br>,, വി.ഡി.സതീശൻ<br>,, ഷാഫി പറമ്പിൽ<br>,, വി.എസ്.ശിവകുമാർ : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | വനബന്ധു കല്ല്യാൺയോജന പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്ന കാര്യങ്ങൾ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിന് എത്രമാത്രം സഹായകരമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഭവന രഹിതരായ പട്ടിക വർഗ്ഗക്കാർക്ക് വീട് അനുവദിക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം വനബന്ധു കല്ലാൺ യോജന പദ്ധതി പ്രകാരം മാനന്തവാടി ടി.ഡി.ഒ യുടെ അധികാര പരിധിയിൽ വരുന്ന 1854 കുടുംബങ്ങൾക്ക് വീട് അനുവദിക്കുന്നതിന് ടി വീടുകളുടെ ആദ്യ ഗഡു അനുവദിച്ച നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. കൂടാതെ, ഇടുക്കി ജില്ലയിൽ കാഞ്ചിയാർ പഞ്ചായത്തിലെ മേമാരി എസ്.റ്റി.കോളനി, മറയൂർ പഞ്ചായത്തിലെ അപ്പർ വാല്സപ്പെട്ടിക്കുടി കോളനി, ചിലന്തിയൂർ കീഴ് വാല്സപ്പെട്ടി കോളനി എന്നീ കോളനികളുടെ വൈദ്യുതീകരണം, കായിക വികസനത്തിനായി 1 കോടി രൂപ, പാരമെഡിക്കൽ |

| | | | |
|---|---|---|---|
| | | | ട്രെയിനിംഗിന് 2 കോടി രൂപ എന്നിവയാണ് ടി പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികൾ. |
| (സി) | പട്ടിക വർഗ്ഗ സംസ്കാരത്തിന്റെ സംരക്ഷണത്തിനും പ്രോത്സാഹന ത്തിനുമായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊ ക്കെയാണ് എന്ന് വെളിപ്പെടുത്താമോ? | (സി) | പട്ടികവർഗ്ഗ സമുദായത്തിന്റെ കലകളും, പാരമ്പര്യ ഭക്ഷണം, വൈദ്യം തുടങ്ങിയവ സംരക്ഷിക്കുന്ന തിനായി ഗദ്ദിക എന്ന പേരിൽ പ്രദർശന വിപണന മേള സംഘടിപ്പിച്ചു വരുന്നു. പട്ടിക വർഗ്ഗ സംസ്കാരത്തിന്റെ സംരക്ഷണത്തിന് പാരമ്പര്യ നൃത്ത രൂപങ്ങളുടെ അവതരണം, പാരമ്പര്യ ഭക്ഷ്യമേളകൾ, ഗോത്ര സംസ്കൃതിയുടെ പ്രദർശനം, വംശീയ വൈദ്യ ചികിത്സാ ക്യാമ്പുകൾ, കരകൗശല ഉത്പന്നങ്ങളുടെ പ്രദർശനം എന്നിവ സംഘടിപ്പിക്കു ന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കിർത്താഡ്സിന്റെ ആസ്ഥാനമായ കോഴിക്കോട് വച്ച് വംശീയ വൈദ്യ ചികിത്സാ ക്യാമ്പുകളും ഭക്ഷ്യമേളകളും വംശീയ കലകളുടെ പ്രദർശനവും സാഹിത്യ ക്യാമ്പും സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ